പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി

87 [2977] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി കോഴ്സുകളിലേക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഇതിന് യോഗ്യതയുള്ള അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) പുതുതായി കോഴ്സനുവദിച്ച സ്കൂളുകളിലേക്ക് ഇവർക്ക് നിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് അദ്ധ്യാപക നിയമനം നടത്തുന്നത് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ്.

(ബി) നിലവിൽ ഇല്ല. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ താമസിയാതെ ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്കാണ് പി.എസ്.സി. ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പി.എസ്.സി. അഡൈസ് ചെയ്യുന്നവർക്ക് നിയമനം നൽകിവരുന്നു.

എൽ.പി. സ്കൂളുകളിൽ ബി.എഡ്. അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം

88 [2978] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ 5-ാം ക്ളാസ് വരെയുള്ള എത്ര സ്കൂളുകളുണ്ട്.

(ബി) ഇത്തരം സ്കൂളുകളിൽ 5-ാം ക്ളാസിലെ അദ്ധ്യാപകരെ നിയമിക്കാനുള്ള യോഗ്യത എന്താണ് എന്ന് വിശദമാക്കുമോ;

(സി) ചില സ്കൂളുകളിൽ 5-ാം ക്ളാസിലേക്ക് യു.പി. സ്കൂൾ അദ്ധ്യാപകരുടെ യോഗ്യതയായിട്ടുള്ള ബി. എഡ്. യോഗ്യതയുള്ളവരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എൽ. പി. സ്കൂളുകളിൽ 5-ാം ക്ളാസിൽ നിയമിതരായ ബി. എഡ്. അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുന്നതിന് തടസമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിയമന അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 740 സ്കൂളുകൾ ഉണ്ട്.

(ബി) 1. എസ്.എസ്.എൽ.സി-യോ തത്തുല്യ യോഗ്യതയോ.

2. റ്റി. റ്റി. സി.

(സി) ഉണ്ട്.

(ഡി ആന്റ് ഇ) എൽ. പി. സ്കൂളുകളിൽ പ്രവർത്തിക്കുന്ന 5-ാം ക്ളാസ് എൽ. പി. സെക്ഷന്റെ ഭാഗമായതിനാൽ ബി.എഡ് അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുന്നതിന് തടസ്സമുണ്ട്.

അദ്ധ്യാപകരുടെ സ്ഥലംമാറ്റം പഠനത്തെ ബാധിക്കാതിരിക്കാൻ നടപടി

89 [2979] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യയന വർഷം ആരംഭിച്ച ശേഷം അദ്ധ്യാപകർക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിനെത്തുടർന്ന് മിക്ക സ്കൂളുകളിലും അദ്ധ്യയനം നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥലം മാറ്റം അനുവദിക്കുമ്പോൾ റിലീവ് ചെയ്യപ്പെടുന്ന സ്കൂളിൽ പകരം ആളെ നിയമിച്ചെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം ഉത്തരവ് നടപ്പാക്കണമെന്ന് നിഷ്ക്കർഷിക്കുമോ;

(സി) അദ്ധ്യാപക സ്ഥലം മാറ്റം അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പ്രായോഗികമാണെന്ന് കരുതുന്നില്ല.

(സി) ഓരോ അദ്ധ്യയന വർഷത്തിലേയും തസ്തിക നിർണ്ണയം കഴിഞ്ഞാൽ മാത്രമേ അതാത് സ്കൂളുകളിൽ എത്ര വേക്കൻസികൾ നിലവിലുണ്ട് എന്ന് കൃത്യമായി അറിയുവാൻ സാധിക്കുകയുള്ളു എന്നതിനാൽ ഇക്കാര്യത്തിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly